**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 540** **28-06-2022 - ൽ മറുപടിയ്ക്ക്**

**ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ; | (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി വകുപ്പിന്റെ നിരന്തര ശ്രമഫലമായി ശ്രീകണ്ഠാപുരം വില്ലേജിൽ 8.75 സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ആയതിന് ₹2,66,42,000/- (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളതുമാണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ വരുന്ന കാലതാമസം കാരണം ഇൻകെൽ ലിമിറ്റഡ് ഉൾപ്പെടെയുള്ള ചില നിർവ്വഹണ ഏജൻസികളെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിൽ നിന്നും സർക്കാർ താൽക്കാലികമായി വിലക്കി നിർദ്ദേശം നൽകിയിരുന്നു. ഇക്കാരണത്താൽ ഇൻകെൽ മുഖേന DPR തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമായ ശ്രീകണ്ഠാപുരം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനു കഴിഞ്ഞിട്ടില്ല. പുതിയ അക്രഡിറ്റഡ് ഏജൻസിയെ നിശ്ചയിക്കുന്ന മുറയ്ക്ക് ശ്രീകണ്ഠാപുരം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | കെട്ടിട നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായി ഇൻകെൽ ലിമിറ്റഡിനെ തെരഞ്ഞെടുത്തിരുന്നെങ്കിലും പിന്നീട് ഒഴിവാക്കിയതിനാൽ പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | പുതിയ നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ല എന്നും പുതിയ നിർവ്വഹണ ഏജൻസിയെ ടെൻഡർ നടപടികളിലൂടെ കണ്ടെത്തണമെന്നും നിർദ്ദേശം നല്കിയിട്ടുള്ള സാഹചര്യത്തിൽ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും അവർക്കുള്ള സാങ്കേതിക മാനദണ്ഡങ്ങൾ ആവശ്യപ്പെടുന്ന സെന്റേജ് ചാർജ്ജ് എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ നിശ്ചിത |

| | | | |
|---|---|---|---|
| | | | പ്രെഫോർമയിൽ സമർപ്പിക്കുന്നതിന് KSIE Ltd, SIDCO, HLL Life care, Forest Industries Travancore Ltd, KLDC Ltd, KPHCC Ltd, KSCC Ltd, KSHB, KITCO Ltd, Kerala State Nirmithi Kendra എന്നിവർക്ക് വകുപ്പ് നിർദ്ദേശം നൽകുകയും അക്രഡിറ്റഡ് ഏജൻസികളായ SIDCO, KSCC Ltd, KPHCC Ltd, Kerala State Nirmithi Kendra , KITCO Ltd എന്നിവർ നിശ്ചിത പ്രൊഫോർമയിൽ സമർപ്പിച്ച സാങ്കേതിക വിശദാംശങ്ങൾ, ആവശ്യപ്പെട്ടുന്ന സെൻ്റേജ് ചാർജ്ജ് എന്നിവ പരിശോധിച്ച് അക്രഡിറ്റഡ് ഏജൻസിയെ നിശ്ചയിച്ച പുതിയ ട്രഷറി കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ